# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 3510

24.06.2013-ലെ മറുപടിക്ക്

### ജയിൽ പരിഷ്ക്കരണം

ചോദ്യം

ശ്രീ.എം.ഉമ്മർ

മറുപടി

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ ജയിൽ പരിഷ്ക്കരണം നടപ്പിലാക്കിയത് എന്നാണ്; വിശദാംശം നൽകുമോ; | എ) സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ ജയിൽ ചട്ടങ്ങൾ ഭേദഗതി വരുത്തിയത് ജി.ഒ.(പി) നം. 18/2008/ആഭ്യന്തരം തീയതി 18.1.2008 പ്രകാരമാണ്. |
| ബി) പ്രസ്തുത പരിഷ്ക്കരണത്തിലെ വ്യവസ്ഥകളെ സംബന്ധിച്ച് വിശദാംശം നൽകുമോ; | ബി) മേൽ പറഞ്ഞ ഉത്തരവ് പ്രകാരം, പ്രധാനമായും നിലവിൽ ഉണ്ടായിരുന്ന അവധി ചട്ടങ്ങൾ ആണ് ഭേദഗതി ചെയ്യപ്പെട്ടത്. ജയിൽ ഉപദേശക സമിതിയ്ക്ക് ഒന്നിൽ കൂടുതൽ പ്രാവശ്യം പോലീസിന്റെ പ്രതികൂല റിപ്പോർട്ടുകൾ കാരണം അവധി അനുവദിക്കാത്ത തടവുകാരുടെ കേസുകൾ പരിശോധിച്ച് അവധി അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നതിനുള്ള അധികാരവും ജയിൽ ചട്ടങ്ങൾ 546 (D) പ്രകാരം വ്യവസ്ഥ ചെയ്യപ്പെട്ടു. കൂടാതെ തടവുകാരുടെ തുറന്ന ജയിൽ പ്രവേശനത്തിന് മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ള ജയിൽ ചട്ടം 3 (A) യും മേൽ പറഞ്ഞ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. |
| സി) 2006 മുതൽ ഓരോ വർഷവും എത്ര രൂപയാണ് ജയിൽ ചെലവുകൾക്കായി മാറ്റി വച്ചിരിക്കുന്നത്; വിശദമാക്കുമോ? | സി) അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | പ്ലാൻ | നോൺ പ്ലാൺ | ബോസ്റ്റൽ സ്ക്കൂൾ | തടവുകാരുടെ ക്ഷേമം(പ്ലാൻ) | 13-ാം ധനകാര്യ കമ്മിഷൻ അവാർഡ് (പ്ലാൻ) | ആകെ ലഭിച്ച ബഡ്ജറ്റ് വിഹിതം |
|---|---|---|---|---|---|---|
| 2006-2007 | 3,00,00,000 | 34,07,17,000 | 30,38,000 | 12,00,000 | - | **37,49,55,000** |
| 2007-2008 | 3,,15,00,000 | 33,01,76,000 | 33,34,000 | 39,62,000 | - | **36,89,72,000** |
| 2008-2009 | 5,40,00,000 | 36,35,74,000 | 34,45,000 | 49,98,000 | - | **42,60,17,000** |
| 2009-2010 | 6,15,00,000 | 41,63,50,000 | 12,75,000 | 65,00,000 | - | **48,56,25,000** |
| 2010-2011 | 6,30,00,000 | 45,33,71,000 | 28,51,000 | 70,00,000 | - | **52,62,22,000** |
| 2011-2012 | 1,00,00,000 | 59,31,06,000 | 52,33,000 | 1,00,00,000 | 38,50,00,000 | **100,33,39,000** |
| 2012-2013 | 1,30,00,000 | 67,43,04,000 | 98,56,000 | 1,30,00,000 | 38,50,00,000 | **109,51,60,000** |
| 2013-2014 | 2,50,00,000 | 72,95,65,000 | 1,15,99,000 | 2,50,00,000 | 38,50,00,000 | **117,61,64,000** |

**സെക്ഷൻ ഓഫീസർ**